**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 247** **03-08-2021 - ൽ മറുപടിയ്ക്ക്**

**മിൽക്ക് ഷെഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും ആകർഷിക്കുന്നതിനായി മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ക്ഷീരഗ്രാമത്തെക്കുറിച്ച് വിശദീകരിക്കാമോ; | (ബി) | ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്, ഇതിനായി സർക്കാർ ധന സഹായത്തോടെ കറവപശുക്കളെ വാങ്ങുന്നതിനും, രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്. |
| (സി) | ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കി വരുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | മികച്ച കർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിലൂടെ നൽകുന്ന സഹായങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നു. തൊഴുത്ത് നവീകരണം, തൊഴുത്തിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ, പാത്രങ്ങൾ മുതലായവയ്ക്കാണ് ധനസഹായം നൽകുന്നത്. ചിലവഴിക്കുന്ന തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ